**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്**

സർക്കുലർ നം.71/2024/ധന                    തിരുവനന്തപുരം, തീയതി: 12.12.2024

# സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ്- അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സാഹചര്യങ്ങളിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് - തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം: 1. സ.ഉ.(എംഎസ്) നം.483/2017/ധന തീയതി 06.11.2017
2. സ.ഉ.(എംഎസ്) നം.97/2020/ധന തീയതി 23.09.2020

സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽ നിന്ന് അനർഹമായി കൈപ്പറ്റിയ തുക നിയമാനുസരണം സമയബന്ധിതമായി തന്നെ ഈടാക്കുന്നതാണെന്നും, ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽ നിന്നും യാതൊരുവിധ ആനുകൂല്യങ്ങൾക്കും (സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ) അർഹതയുണ്ടായിരിക്കുന്നതുമല്ലായെന്നും പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 (xx) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളും ക്രോഡീകരിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദവും പ്രയോജനകരവും ആയ രീതിയിൽ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കാതെ അനർഹരായ നിരവധി ആളുകൾ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണർക്കും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അർഹതപ്പെട്ടവർക്കെല്ലാം ലഭിയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം അനർഹരായവർ കൈക്കലാക്കുന്നത് തടയേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അനർഹർ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അനർഹമായി വാങ്ങിയ പെൻഷൻ തുക പിഴ സഹിതം തിരികെ ഈടാക്കുന്നതിനു ചുവടെ ചേർക്കുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ വ്യാജരേഖകൾ ചമച്ച് സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ പെൻഷൻ അടിയന്തരമായി റദ്ദ് ചെയ്യുന്നതും അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക 18% പിഴപ്പലിശ സഹിതം തിരികെ ഈടാക്കുന്നതുമാണ്.

2. അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിന് സഹായകരമായ രീതിയിൽ അന്വേഷണവും പരിശോധനയും നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

മേൽ ഉത്തരവ് കർശനമായി പാലിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

**ഡോ. എ. ജയതിലക് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ

എല്ലാ വകുപ്പ് മേധാവികൾക്കും

ധനകാര്യ (എസ് എസ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം: 2945394/എസ്എഫ് സി-ബി2)24/ധന)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ